പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1578    13-07-2011-ൽ മറുപടിക്ക്

## ജനന സർട്ടിഫിക്കറ്റുകളിലെ തിരുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ജനന സർട്ടിഫിക്കറ്റുകളിലെ പേരുക ളിലും വിലാസങ്ങളിലും തിരുത്തൽ വരുത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ജനന-മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ സംബന്ധിച്ച് നാളിതുവരെയുള്ള സർക്കാർ ഉത്തരവുകളും ചീഫ് രജിസ്ട്രാറുടെ സർക്കുലറുകളും ക്രോഡീകരിച്ചുകൊണ്ട് 08/12/2010-ൽ ബി1-20741/09 നമ്പരായി ചീഫ് രജിസ്ട്രാർ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1969-ലെ ജനന-മരണ രജിസ്ട്രേഷൻ ചട്ടപ്രകാരവും അതിനനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരവും<br><br>i) ജനന രജിസ്ട്രേഷൻ സമയത്തോ ശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്താവുന്നതാണ്.<br><br>ii) വ്യക്തമായ രേഖയുടെ അടിസ്ഥാനത്തിൽ മേൽവിലാസത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.<br><br>iii) കുട്ടിയുടെ പേരിനൊപ്പം വിളിപ്പേര്/അറിയപ്പെടുന്ന പേര് alias ചേർത്ത് ഉൾപ്പെടുത്താവുന്നതാണ്.<br><br>iv) ജനനസർട്ടിഫിക്കറ്റിൽ പേര്ചേർക്കുമ്പോൾ സ്കൂൾ രേഖയിലും ജനന രജിസ്ട്രേഷനിലും തീയതികൾ തമ്മിലുള്ള വ്യത്യാസം പത്ത്ദിവസത്തിൽ അധികരിക്കാതിരുന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അനുവാദം വാങ്ങാതെ തന്നെ അതാത് രജിസ്ട്രാർമാർക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | v) മേൽപ്പറഞ്ഞ തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ എന്നിവ 01/04/1970-ന് ശേഷമുള്ളതാണെങ്കിൽ അതാത് ജനന-മരണ രജിസ്ട്രാർക്ക്, ചീഫ് രജിസ്ട്രാറുടെ അനുവാദം ഇല്ലാതെ തന്നെ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത സേവനം വേഗത്തിൽ ലഭിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് നടപടിക്രമങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള സർക്കുലർ വെബ് സൈറ്റിൽ നൽകുകയും അച്ചടിച്ച പകർപ്പുകൾ ജനന-മരണ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ